# കേരളത്തിൽ യുദ്ധം?



**?. ബലം പ്രയോഗിച്ച് കടിയൊഴിപ്പിക്കുകയാണെങ്കിൽ?**

*അവസാനം വരെ ചെറുത്തുനിൽക്കും. മരിക്കേണ്ടി വന്നാലും ഞങ്ങൾ ഇവിടെ നിന്നും പോകില്ല. പോയാൽ പിന്നെ ജീവിതം മരണതുല്യമാകും. ഭൂമിയില്ല,പണിയില്ല; ഉള്ളത് പട്ടിണി മാത്രം.*

**?. ആദിവാസി ഭൂസമരത്തിന് പൊതുസമൂഹത്തിന്റെ പിന്തുണ നഷ്ടമാകാൻ ഇതു കാരണമാകില്ലേ?**

*കേരളത്തിലെ പൊതുസമൂഹം ഞങ്ങൾക്കുവേണ്ടി എന്താണ് ചെയ്തിട്ടുള്ളത്? ഞങ്ങൾക്ക് ഞങ്ങൾ മാത്രം എന്നു തെളിഞ്ഞു കഴിഞ്ഞു. അതുകൊണ്ടുതന്നെ ആദിവാസികൾക്കിടയിൽ പുതിയ ഉണർവ് വന്നിട്ടുണ്ട്. ഏതുരീതിയിലുള്ള ചെറുത്തുനില്പിനും ഇന്ന് ഞങ്ങൾ തയ്യാറാണ്.*

**?. ചർച്ചക്ക് ഇനി തയ്യാറാണോ?**

*ഇനി യാതൊരുവിധ ചർച്ചക്കും ഞങ്ങളില്ല. ഏറെ ചർച്ചകൾക്കു ശേഷമാണ് സർക്കാർ കരാറുണ്ടാക്കിയത്. ആദ്യം കരാർ നടപ്പിലാക്കട്ടെ. അതിനോടു സഹകരിക്കാം.*

**ആദിവാസി ഗോത്രമഹാസഭ നേതാവ് സി.കെ.ജാനുവുമായി *കേരളീയം* കഴിഞ്ഞമാസം നടത്തിയ അഭിമുഖത്തിൽ നിന്ന് (ലക്കം 59ൽ പ്രസിദ്ധീകരിച്ചത്)**



**കേരളത്തിൽ യുദ്ധം? ഇത് അത്ഭുതവാർത്തയല്ല. യുദ്ധം നടക്കുന്നത് വയനാട്ടിൽ. സത്യത്തിൽ അവിടെ മാത്ര മല്ല– ആദിമനിവാസികൾ ഉള്ളിടത്തൊക്കെ അവരെ തുരത്താൻ, വേഗത്തിലോ പതുക്കെയോ ഇല്ലാതാക്കാൻ, ശ്രമങ്ങൾ പല വിധത്തിൽ നടക്കുന്നുണ്ട്. നാമൊരു പരിഷ്കൃത–സാംസ്കാരികചിത്ത ജനതയെന്ന് പേരിനുപോലും അർഹതപ്പെടാൻ പറ്റാത്തത്ര കൊടിയ പാതകങ്ങളാണ് ചുറ്റിലും. ഭൂമിയുടെ യഥാർത്ഥ അവകാശികളെ ആട്ടിപ്പായിക്കൽ ഇപ്പോൾ പുതിയ വഴിത്തിരിവിലാണ്. നമ്മളിത് കാണുന്നില്ലേ? അരുത് എന്നുപറയാൻ, അർഹതപ്പെട്ട ഭൂമി(വീട്) തിരിച്ചു നൽകാൻ നാം തയ്യാറാകുമോ? കയ്യുയർത്തുമോ? കരുണ കാണിക്കുമോ?**

# നാടെങ്ങും പ്രതിഷേധം

**തൃശ്ശൂർ.** തൃശ്ശൂർ, വാടാനപ്പള്ളി, പയ്യന്നൂർ, കോഴിക്കോട്, ആറളം, തളിപ്പറമ്പ്, തിരുനെല്ലി, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ആദിവാസിസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചും, ആന്റണിസർക്കാറിന്റെ പൈശാചികതക്കെതിരെയും പ്രകടനങ്ങൾ നടന്നു.

വാടാനപ്പിള്ളി, തൃശ്ശൂർ, കൊച്ചി, തിരുനെല്ലി, തളിപ്പറമ്പ് എന്നിവിടങ്ങളിൽ മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ മാത്രം പ്രകടനക്കാരെ പോലീസ് അറസ്റ്റ് ചെയ്തു.

**തിരുവനന്തപുരം:**ആദിവാസികളെ അവരുടെ സ്വന്തം ഭൂമിയിൽ നിന്ന്, കടിയൊഴിപ്പിച്ചതിനും, പോലീസിന്റെ മൃഗീയമായ നരനായാട്ടിലും പ്രതിഷേധിച്ച് ജെ. രഘുവിന്റെ നേതൃത്വത്തിൽ ആദിവാസിസമരസഹായ സമിതി തിരുവനന്തപുരത്ത് പത്രസമ്മേളനവും പ്രകടനവും നടത്തി.

**കൊച്ചി :** മനുഷ്യാവകാശ പുരോഗമന സംഘടനകളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ നടത്തിയ പത്രസമ്മേളനത്തിൽ, ആദിവാസികൾക്ക് നേരെ പോലീസ് നടത്തിയ ക്രൂരക്കുരുതിയിൽ ശക്തമായ പ്രതിഷേധമറിയിച്ചു. സർക്കാറാണ് വാഗ്ദാനലംഘനം നടത്തിയതെന്നും, ആദിവാസികളല്ല കുടിയേറിയതെന്നും, 1975 മുതൽ ഭരണകൂടം പ്രതിപക്ഷ ഭരണപക്ഷ വ്യത്യാസമില്ലാതെ അവരെ വഞ്ചിക്കുകയായിരുന്നുവെന്നും അഡ്വ. മധുസൂദനൻ (നിയമ കേന്ദ്രം) സൂചിപ്പിച്ചു. വഴി മുട്ടിയ ആദിവാസികൾക്ക് ഭൂമിയും ജീവനം നിലനിർത്താൻ സായുധമാർഗ്ഗം തെരഞ്ഞെടുക്കേണ്ടി വന്നാൽ അതിന് കുറ്റപ്പെടുത്തേണ്ടത് പ്രശ്നം പരിഹരിക്കാത്ത സർക്കാറിനെ (പ്രതിപക്ഷപാർട്ടികളെയും) മാത്രമാണ്. ആദിവാസികളുടെ ആത്മഹത്യാസ്ക്വാഡുകൾ ഉണ്ടാവാതിരിക്കാൻ അവരുടെ ന്യായമായ അവകാശങ്ങൾ ഉടനേ നിറവേറണം. പത്രസമ്മേളനത്തിൽ പി.യു.സി.എൽ, ആദിവാസി-ദളിത് ഏകോപന സമിതി, കേരളസ്ത്രീവേദി, പോരാട്ടം, വിദേശ കുത്തകമുതൽമുടക്ക് വിരുദ്ധ സമിതി, പെരിയാർ മലിനീകരണവിരുദ്ധ സമിതി, മെയ്ദിന തൊഴിലാളി കേന്ദ്രം തുടങ്ങിയവരും ഉണ്ടായിരുന്നു.

**കോഴിക്കോട്:**മുഖ്യമന്ത്രിക്കെതിരെ കൊലക്കുറ്റത്തിന് കേസെടുത്ത് ശിക്ഷിക്കണമെന്ന് സമാജ് വാദി ജനപരിഷത്തിന്റെ വിനോദ് പയ്യട കോഴിക്കോട് പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

പോലീസിനെ ഉപയോഗിച്ച് ആദിവാസികളെ തകർക്കുന്നതിലൂടെ അവരുടെ യഥാർത്ഥ പ്രശ്നത്തിൽ നിന്ന് സർക്കാർ തലയൂരുകയാണെന്ന് കോഴിക്കോട് ചേർന്ന അഭിഭാഷകരുടെ യോഗം അഭിപ്രായപ്പെട്ടു. സാധാരണ ജനങ്ങളെ കൊന്നൊടുക്കുകയാണ് ആന്റണി സർക്കാർ ചെയ്യുന്നതെന്നും ഇതിനെതിരെ അന്തർദേശീയ കോടതിയെ സമീപിക്കുമെന്നും പട്ടികജാതി പട്ടികവർഗ്ഗ പുരോഗമന സംഘടനയും ഇന്ത്യൻ ദളിത് ഫെഡറേഷനും അറിയിച്ചു.

# വെളിപ്പെടുന്നത് മലയാളിയുടെ കാപട്യം

കല്പറ്റ, ഫെബ്രു 20: കുടിയേറ്റമനസ്സ് കേരളം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. വഴിയിൽ നടക്കുന്ന മുഷിഞ്ഞവേഷമുള്ള ആദിവാസിയെ നാട്ടുകാരായ (കുടിയേറ്റക്കാരായ) വയനാട്ടുകാർ പോലീസിലേല്പിച്ചും, ഒറ്റിക്കൊടുത്തും പീഡിപ്പിക്കുകയാണ്. അല്ലെങ്കിലേ നശിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗത്തെ ഇങ്ങനെ പിടിച്ചുകെട്ടുന്നതിലൂടെ ഇനി തല പൊക്കാൻ പറ്റാത്ത രീതിയിൽ ഇല്ലാതാക്കാൻ എല്ലാവരും (കുടിയേറ്റം) ഐക്യപ്പെടുകയാണ്. പുതിയ സന്നാഹത്തിലൂടെ ആദിവാസികളെ കൂട്ടത്തോടെ ഇല്ലാതാക്കുക എന്ന ഗൂഢലക്ഷ്യമാണ് മറ നീക്കി പുറത്തുവരുന്നത്. വനഭൂമിയിലേക്ക് ആദിവാസികൾ തങ്ങളുടെ താമസം മാറ്റിയപ്പോൾ കുടിയേറ്റക്കാർ എതിർപ്പ് പ്രകടിപ്പിക്കാതിരുന്നത് തങ്ങൾ ആദ്യം കയ്യേറി തട്ടിയെടുത്ത് സ്വന്തമാക്കിയ വനഭൂമിയിൽ നിന്നും അവർ ഒഴിഞ്ഞുപോയതിലുള്ള ഗൂഢസന്തോഷം കൊണ്ടായിരുന്നു. ഇപ്പോഴുള്ള തങ്ങളുടെ ഭൂമിസുരക്ഷിതമായി കൈവശം വെക്കാൻ ആയല്ലോ എന്ന ആശ്വാസമായിരുന്നു അവരെ ഭരിച്ചിരുന്നത്. വനഭൂമിയിൽ നിന്ന് ആദിവാസികളെ പോലീസ് പുറത്താക്കിയപ്പോൾ ഇനിയവർ തിരിയുന്നത് തങ്ങൾക്കു നേരെയാവുമെന്ന് കൗശലക്കാരായ കുടിയേറ്റക്കാർക്കറിയാം. അതുകൊണ്ടായിരിക്കാം ഇക്കൂട്ടർ ഒരു മുഴം മുമ്പേയെറിയുന്ന രീതിയിൽ ആദിവാസികളെ കള്ളക്കേസിൽ കുടുക്കാനും, അവരെ അജ്ഞാതകേന്ദ്രങ്ങളിലേക്ക് 'തട്ടിക്കൊണ്ടുപോകാൻ' പോലീസിന് കൂട്ടിക്കൊടുപ്പ് നടത്താനും, എലിയെ ഇല്ലത്തിൽ വച്ചുതന്നെ ചുടുന്ന രീതിയിൽ കൊല്ലിക്കാനും മുൻകയ്യെടുക്കുന്നത്.

# വഞ്ചന ഇനി തുടർന്നുകൂടാ

വയനാട്ടിൽ മാത്രമല്ല ആദിവാസി ഭൂമിപ്രശ്നമുള്ളത്. പാലക്കാട്ടും ഇടുക്കിയിലും മറ്റെല്ലായിടത്തുമുണ്ട്. വയനാട്ടിൽ തന്നെ ആദിവാസി വനം 'കയ്യേറ്റം' നടത്തിയത് ജാനുവിന്റെ നേതൃത്വത്തിലുള്ള ആദിവാസി ഗോത്രമഹാസഭ മാത്രമല്ല. മാർക്സിസ്റ്റ് പാർട്ടി, പോരാട്ടം, സി പി ഐ (എം.എൽ) റെഡ് ഫ്ലാഗ് തുടങ്ങിയവയുടെ ആദിവാസി വിഭാഗങ്ങൾ ഭൂമി തിരിച്ചു പിടിച്ചിട്ടുണ്ട്. എന്നാൽ അവരെയെന്നും കുടിയിറക്കിയിട്ടില്ല. ആദിവാസികൾക്ക് പൈതൃകഭൂമി താമസിക്കാനോ കൃഷി ചെയ്യാനോ ഉള്ള ഒരു സ്ഥലമല്ല. അവരുടെ അടിസ്ഥാനമാണ്. വനവാസികളായ (കുടിയേറ്റ) നമ്മൾ ആദിമനിവാസികളെക്കുറിച്ച് ഇങ്ങനെ പറയും: "അവർ മടിയന്മാരാണ്, നന്നാവില്ല, ........" എന്നാൽ സത്യമെന്താണ്? അവർക്കുണ്ടായിരുന്ന നിഷ്കളങ്കതയും സ്വാഭാവികകഴിവുകളും നശിപ്പിച്ചത് നമ്മുടെ 'വികസന'മല്ലേ? ആദിവാസികൾ ഒരു വോട്ട് ബാങ്ക് അല്ല എന്നുള്ളതും (ചിന്നിയ സമൂഹം) കുടിയേറ്റക്കാർ ശക്തമായ വോട്ട് ബാങ്കാണെന്നതും എല്ലാത്തരം രാഷ്ട്രീയക്കാരും ആദിവാസികൾക്കെതിരെ തിരിയാൻ കാരണമാകുന്നു. കാർഷികരംഗത്തെ തകർച്ച് ആദിവാസികൾക്ക് കൂലിപ്പണി പോലും കിട്ടാത്ത രീതിയിൽ വയനാട്ടിൽ മാറിയിട്ടുണ്ട്. ആദിവാസിഭൂമി പ്രശ്നം പരിഹരിക്കാൻ പലപ്പോഴായി ചൂണ്ടിക്കാണിച്ചതു പോലെ സർക്കാർ ഭൂമി, വൻകിട തോട്ടങ്ങളായ ഭൂമി (പാട്ടം കൊടുക്കാത്തവ), വൻകിടകുടിയേറ്റക്കാരുടെ ഭൂമി, വനഭൂമി (ഇപ്പോൾ സർക്കാർ വനം) ഇവിടങ്ങളിൽ സ്ഥലം കണ്ടെത്തി അവരുടെ നിലനില്പ് ഉറപ്പുവരുത്തുന്ന രീതിയിൽ തിരിച്ചേല്പിക്കുക എന്നുമാത്രമാണ് പോംവഴി. പങ്കാളിത്തവനപരിപാലനം (പി എഫ് എം) അതിന്റെ ശരിയായ ഉത്തരവാദിത്തത്തിൽ ആദിവാസികളെ ഏല്പിച്ച് നടപ്പാക്കിയാൽ ആദിവാസികളും വനവും രക്ഷപ്പെടും.

# 'സംഭവിക്കരുതായിരുന്നു'

**— ഡോ.കെ അരവിന്ദാക്ഷൻ**

ആദിവാസികളുടെ ഇപ്പോഴത്തെ അവസ്ഥയിൽ വലിയ വേദനയുണ്ട്. അവരുടെ ജീവിതം കൂടുതൽ നിസ്സഹായാവസ്ഥയിലേക്കും നിരാലംബതയിലേക്കും പോകാനാണിട. ഭരണകൂടം ഭീകരമാണ്; മർദ്ദനത്തിന്റെ ശക്തമായ ഉപകരണവും. ഇവിടെ സർക്കാർ, കൗശലക്കാരായ ബുദ്ധിജീവികൾ, കുടിയേറ്റക്കാർ, ഒട്ടുമിക്ക മാധ്യമങ്ങളും എല്ലാ രാഷ്ട്രീയപാർട്ടികളും ഒറ്റക്കെട്ടായി പാവപ്പെട്ടവർക്കെതിരെ-ആദിവാസികൾക്കെതിരെ അതിശക്തമായി നിലകൊള്ളുകയാണ്. അമ്പും വില്ലും കൊണ്ടോ, ഇപ്പോഴത്തെ ആയുധങ്ങൾ കൊണ്ടോ ഈ ഭരണകൂടഭീകരതയെ നേരിടാനാകില്ല. ഹിംസ കൊണ്ട്, സായുധരീതിയിൽ ആദിവാസികളുടെ അവകാശങ്ങൾ നേടിയെടുക്കാനാകില്ല എന്നാണ് തോന്നുന്നത്. പൊതുസമൂഹത്തിന്റെ പിന്തുണ ലഭിക്കില്ലെന്ന് മാത്രമല്ല, ഇന്ത്യൻ അവസ്ഥയിൽ ആദിവാസികളെ പിന്നോക്കം കൊണ്ടുപോവുകയും ചെയ്യുന്നതായി കരുതുന്നു. അഹിംസാത്മകമായിരുന്നെങ്കിൽ (സെക്രട്ടറിയേറ്റ് നടയിലെ സമരം പോലെ) കുറേക്കൂടി ഉപകാരപ്രദമാകുമായിരുന്നു; പ്രായോഗികവും. ആദിവാസിയെ വിദ്യാഭ്യാസം കൊടുത്ത് മുന്നോട്ട് കൊണ്ടുവരാൻ നമുക്കാർക്കും വേണ്ടത്ര കഴിഞ്ഞിട്ടില്ല എന്നത് ഒരു പ്രധാന പോരായ്മയായി തോന്നുന്നു. മർദ്ദനങ്ങൾ അവരെ കൂടുതൽ ഒറ്റപ്പെടുത്തും.

# 'കൊലയാളി ആന്റണിയെ അറസ്റ്റു ചെയ്യണം'

കണ്ണൂർ : മുത്തങ്ങയിൽ നടന്നതിന്റെ സത്യമറിയാൻ ഉടൻ ജുഡീഷ്യൽ അന്വേഷണം വേണം. സർക്കാർ മാത്രമാണ് പ്രശ്നങ്ങൾക്ക് പൂർണമായ ഉത്തരവാദി. മാധ്യമപ്രവർത്തകരെ സത്യമറിയുന്നതിൽ നിന്ന് ഒഴിവാക്കിനിർത്തിയതിൽ തന്നെ കള്ളക്കളിയുണ്ട്. ഈ സ്ഥിതി അത്യന്തം ഭയാനകമാണ്. ക്വിറ്റ് കേരളാ പ്രക്ഷോഭസമിതിക്ക് വേണ്ടി കെ. ഗിരീഷ് കുമാർ വ്യക്തമാക്കി. മുഖ്യമന്ത്രിക്ക് ഇനി തുടരാൻ ധാർമ്മികമായ അവകാശമില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.